# വചനവിചിന്തനം ജൂലൈ 19 ഞായർ, 2009
# Lk-14:1-14

ആരാധനാക്രമമനുസരിച്ച് ഇന്ന് ഫലാഗമകാലത്തിന്റെ (കൈത്താക്കാലം) ആദ്യ ഞായറാഴ്ചയാണല്ലോ. ശ്ലീഹന്മാരുടേയും അവരുടെ പിൻഗാമികളുടെയും വിശിഷ്യാ എല്ലാ ക്രിസ്തുശിഷ്യരുടെയും പ്രേഷിതപ്രവർത്തനഫലമായി ക്രിസ്തുവിന്റെ ജീവൻ ഫലമണിയുന്നതിനെ അനുസ്മരിക്കുന്ന കാലഘട്ടമാണിത്. അതിനാൽ ഈ കാലഘട്ടത്തിൽ നമ്മിലോരോരുത്തരിലും ദൈവരാജ്യത്തിനുതകുന്ന വ്യക്തിത്വം രൂപീകൃതമാവാൻ ഉണ്ടാകേണ്ട ഗുണങ്ങളാണ് സുവിശേഷഭാഗം അവതരിപ്പിക്കുന്നത് .

സാബത്തുദിവസം ഫരിസേയപ്രമാണിയുടെ വീട്ടിൽ വിരുന്നിന്റെ സമയത്ത് യേശു നടത്തിയ രോഗശാന്തിയും പ്രബോധനവുമാണ് വചന സന്ദർഭം. മൂന്നായി ഈ സുവിശേഷഭാഗത്തെ തരംതിരിച്ച് ധ്യാനിക്കാം. സാബത്തിലെ രോഗശാന്തി(ലൂക്കാ 14:1 -6) , അതിഥിക്കുള്ള ഉപദേശം(ലൂക്കാ 14:7-11), ആതിഥേയനുള്ള ഉപദേശം(ലൂക്കാ 14:12-24) 14 -ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന ഈവിവരണങ്ങൾക്ക് സമാന്തരമായ ഭാഗം 13-ാം അദ്ധ്യായത്തിലും കാണാവുന്നതാണ്. (1) 14:1 -6 = 13:10 -17, (2) 14:7 -11 = 13:18 -19, (3) 14: 12 -14 = 13 :20 -21 .

## സാബത്തിലെ രോഗശാന്തി 14, 1 : 6

സാബത്തിൽ യേശുനടത്തിയ മൂന്നാമത്തേതും അവസാനത്തേതുമായ രോഗശാന്തിയാണ് (ലൂക്കാ 6:6-11 ; 13:10-17 ; 14:1-6)ഇവിടെ പ്രതിപാദ്യവിഷയം. താൻ സാബത്ത് എങ്ങനെ ആചരിക്കുന്നു എന്ന് സൂക്ഷ്മനിരീക്ഷണം നടത്തിയിരുന്ന നിയമജ്ഞരുടേയും ഫരിസേയരുടേയും ചിന്താഗതി മനസിലാക്കി രണ്ട് ചോദ്യങ്ങൾ(14:3-5) യേശു ഉന്നയിക്കുന്നു. ഉത്തരം പറയാതെ നിശബ്ദത പാലിച്ച അവരോട് മനുഷ്യന്റെ ദുരന്തപൂർണ്ണമായ അവസ്ഥയിൽ അവനോട് കരുണ കാണിക്കണമെന്ന് പ്രാർത്ഥിച്ച് കാണിക്കുകയും, നിയമപാലനവ്യഗ്രത കാട്ടുന്നവരുടെ മനുഷ്യത്വശൂന്യത യേശു തുറന്നു കാട്ടുകയും ചെയ്യുന്നു .

## അതിഥിക്കുള്ള ഉപദേശം 14: 7-11 .

വിരുന്നുമേശയിലെ ആചാര്യമര്യാദകൾ അഹങ്കാരിയുടെ ഗർവ്വം കെടുത്തുമെന്നും, വിനീതനെ ബഹുമാനിച്ചുയർത്തുമെന്നും യേശു ഓർമ്മിപ്പിക്കുന്നു.തന്ത്രപരമായ രീതികളിലൂടെ പിടിച്ചെടുക്കേണ്ടതല്ല മഹത്വവും ബഹുമാനവും. ഉന്നതസ്ഥാനങ്ങൾ സ്വന്തമാക്കാൻ തിരക്കുകൂട്ടുന്നവർക്ക് എളിമയുടെ പാഠമാണ് കരണീയമായതെന്ന് വചനം നല്കുന്ന സൂചനയാണ്. സ്വയം അപഹാസ്യനാക്കപ്പെടാതിരിക്കാൻ എളിമയുടെ മാർഗ്ഗത്തിലൂടെ നടക്കാനാകണം.

## ആതിഥേയനുള്ള ഉപദേശം 14:12-14 .

സമ്പന്നരെ തീറ്റുകയും പാവപ്പെട്ടവരെ തീറ്റാതിരിക്കുകയും ചെയ്യുന്നവരെ ഉപവിയുടെ/സ്നേഹത്തിന്റെ ജീവിതപാഠം യേശു ഓർമ്മിപ്പിക്കുന്നു. വിരുന്നിന് ക്ഷണിക്കരുത് എന്ന് യേശു നിർദ്ദേശിക്കുന്ന നാല് വിഭാഗങ്ങൾ - സ്നേഹിതർ, സഹോദരർ, ബന്ധുക്കൾ, ധനികരായ അയൽക്കാർ. പകരം നല്കാൻകഴിവുള്ള ഇത്തരക്കാർക്ക് വിരുന്നുകൊടുക്കുന്നത് ഉപവിപ്രവർത്തനമല്ല.

## സന്ദേശം

✸ സ്നേഹവും കരുണയും മനുഷ്യത്വവും മാറ്റിനിർത്തിയുള്ള അന്ധമായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രസക്തിയില്ല.

✸ നമ്മുടേയും യേശുവിന്റേയും മുൻപിലുള്ള കാഴ്ചപ്പാടുകൾ ഒന്നു തന്നെ. പക്ഷേ കാഴ്ചപ്പാടുകൾ വ്യത്യസ്തമാകുന്നു. യേശുവിന്റെ കാഴ്ചപ്പാടുകൾ പിൻതുടർന്നപ്പോഴാണ് ഒരു മദർതെരേസയെ നമുക്ക് കിട്ടിയത്.

✸ എളിമയോടെ വ്യാപരിക്കുന്നവനെ ദൈവം ഉയർത്തുന്ന എത്രയോ ജീവിതാനുഭവങ്ങളാണ് നമുക്ക് ചുറ്റും. വ്യക്തി സാമൂഹ്യബന്ധങ്ങളിൽ നിസ്വാർത്ഥതയുടെ ജീവിത ശൈലിയോടെ എളിമയുടെ മനോഭാവത്തോടെ ജീവിക്കാൻ നമുക്കാകുമോ?

✸ ദൈവരാജ്യത്തിനുതകുന്ന വ്യക്തിത്വം രൂപപ്പെടാൻ ഫലാഗമകാലത്ത് നമ്മിലുണ്ടാകേണ്ട ഗുണങ്ങൾ- മനുഷ്യത്വം, എളിമ, സാഹോദര്യം,

ഫാ. തോമസ് പഞ്ഞിക്കുന്നേൽ.